ജലസേചനം	122.91 കോടി
ആകെ	734.55 "

(ബി) പ്രതിവർഷം ഉദ്ദേശം 97 കോടി രൂപ.

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന ആവശ്യം

13 (1808) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന സർവ്വീസ് സംഘടനകളുടെ ആവശ്യം സംബന്ധിക്കുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

സംസ്ഥാനത്തെ റവന്യൂ വരുമാനവും ചെലവും

14 (1809) ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ ചെലവ്, റവന്യൂ കമ്മി ഇവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2000-01, 2001-02,2002-03 സാമ്പത്തിക വർഷങ്ങളിൽ പൊതു മേഖലയിൽ നിന്നും സഹകാര്യ മേഖലയിൽ നിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ഉണ്ടായ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് വരുമാന വർദ്ധനവിനെക്കാൾ അനിയന്ത്രിതമായി കൂടി വരുന്നതിനാൽ സംസ്ഥാനം കടുത്ത റവന്യൂ കമ്മിയിലേക്ക് നീങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റവന്യൂ കമ്മി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2001-02-ലെ ബഡ്ജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ച എംപ്ലോയ്മെന്റ് ജനറേഷനും സ്ത്രീ ശാക്തീകരണ പദ്ധതിയുടെ എന്തെങ്കിലും പ്രോജക്ടും അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) ഇതിന് എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

വർഷം	റവന്യൂ വരുമാനം	റവന്യൂ ചെലവ്	റവന്യൂ കമ്മി
	(രൂപ കോടിയിൽ)		
2001-2002	9056.39	11662.03	2605.64
*2002-2003	10306.07	13964.43	3658.36

(*അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം)

(ബി)

വർഷം	പൊതു മേഖല	സ്വകാര്യ മേഖല
	(രൂപ കോടിയിൽ)	
2000-2001	2239.10	2105.23
2001-2002	2426.40	2014.45

2002-2003-ലെ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) 2000-2001-ലെ റവന്യൂ കമ്മി 3147.06 കോടി രൂപയും, 2001-2002-ൽ 2605.64 കോടി രൂപയും ആയിരുന്നു. ആയതിൽ റവന്യൂ കമ്മി കുറഞ്ഞു വരുന്നതായാണ് കാണുന്നത്. 2002-2003-ലെ അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. ആയതിനാൽ കമ്മി അനിയന്ത്രിതമായി കൂടി വരുന്നതായി പറയാൻ ആവില്ല.

(ഡി) അംഗീകരിച്ചിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

മൂല്യവർദ്ധിത നികുതിക്ക് പകരം നിയമം

15 (1810) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൂല്യവർദ്ധിത നികുതി സംബന്ധിച്ച നിയമത്തിന് പകരം പുതിയ നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

മൂല്യവർദ്ധിത നികുതി നിയമം കൊണ്ടു വരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് മുമ്പ് തന്നെ 1963-ലെ കേരള പൊതു വില്പന നികുതി നിയമമാണ് കേരളത്തിൽ പ്രാബല്യത്തിലുള്ളത്. മൂല്യവർദ്ധിത നികുതി നിയമം മാറ്റി വച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കേരള പൊതു വില്പന നികുതി നിയമം തുടരുകയാണ്. പുതിയ നിയമം കൊണ്ടു വരുന്നതിനെ സംബന്ധിച്ച് തൽക്കാലം തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly